പോഷകാഹാര ഗവേഷണകേന്ദ്രം

58 (723) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യവകുപ്പിന് കീഴിൽ പോഷകാഹാര ഗവേഷണകേന്ദ്രം സ്ഥാപിക്കുന്നതിനായി 2014-15 ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കിവച്ചിരുന്നത് ;

(ബി) ഇതിനായി എന്തെല്ലാം പ്രവൃത്തികൾ നടപ്പാക്കിയെന്നും എത്ര തുക ചെലവായെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 വർഷത്തിൽ 65 ലക്ഷം രൂപയാണ് പോഷകാഹാര ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ നീക്കിവച്ചിരുന്നത്.

(ബി)

(1) 2014-15 വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, പത്തനംതിട്ട ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ 10-13 വയസ്സ് പ്രായത്തിലുള്ള സ്കൂൾ കുട്ടികളുടെ ന്യൂനപോഷണാവസ്ഥ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തി.

(2) സർവ്വേ പ്രകാരം കണ്ടെത്തിയിട്ടുള്ള കുട്ടികൾക്കും അവരുടെ രക്ഷകർത്താക്കൾക്കും സ്കൂളുകളിൽവച്ച് ന്യൂനപോഷണാവസ്ഥ പരിഹരിക്കുന്നതിനായി പോഷകാഹാരത്തിന്റെ ആവശ്യകതയേയും പ്രാധാന്യത്തേയും സംബന്ധിച്ച് അവബോധം നൽകി.

(3) മേൽപ്പറഞ്ഞ ജില്ലകളിലെ എച്ച്.എസ്.വിഭാഗത്തിൽനിന്ന് ബയോളജി വിഷയം കൈകാര്യംചെയ്യുന്ന അദ്ധ്യാപകർക്കും യു.പി. വിഭാഗത്തിൽ നിന്ന് സയൻസ് വിഷയം കൈകാര്യംചെയ്യുന്ന അദ്ധ്യാപകർക്കും പ്രായോഗിക പോഷണത്തിൽ അവബോധം നൽകുന്നതിനുള്ള പരിശീലനം നൽകി.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ 2013-14, 2014-15 വർഷങ്ങളിലായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പൂർത്തിയായി. മറ്റ് ജില്ലകൾ 2015-16 വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(4) പോഷകാഹാരത്തിന്റെ പ്രാധാന്യം, പോഷണ വൈകല്യം ഉണ്ടാക്കുന്ന കാരണങ്ങൾ, അതിനുള്ള പരിഹാര നിർദ്ദേശങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന 10 മിനിട്ട് ദൈർഘ്യമുള്ള ഒരു അനിമേഷൻ സി.ഡി. തയ്യാറാക്കി. ഇത് അദ്ധ്യാപക പരിശീലനം നടന്ന എല്ലാ ജില്ലകളിലെ സ്കൂളുകൾക്കും നൽകിയിട്ടുണ്ട്. കുട്ടികളിലും രക്ഷിതാക്കളിലും പോഷകാഹാരത്തിന്റെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തുന്നതിനായി സ്കൂളുകൾക്ക് ഉപയോഗപ്പെടുത്തുന്നതിനായിട്ടാണ് സി.ഡി. നൽകിയിട്ടുള്ളത്.

(5) പോഷണവൈകല്യത്തെ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വംകൊടുക്കാൻ കഴിയുന്നതരത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ തയ്യാറാക്കാനായി കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട, പൂഞ്ഞാർ, കാഞ്ഞിരപ്പള്ളി, പാറത്തോട്, പാമ്പാടി, പള്ളിക്കത്തോട്, ഏറ്റുമാനൂർ, അതിരമ്പുഴ പഞ്ചായത്തുകളും തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ പഞ്ചായത്തും ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിലെ ജെ.പി.എച്ച്.എൻ.മാർ, ആശാ പ്രവർത്തകർ, അംഗൻവാടി വർക്കർമാർ, കുടുംബശ്രീ ആരോഗ്യദായക വാളന്റിയർമാർ എന്നിവർക്കായി പ്രായോഗിക പോഷണത്തിൽ പരിശീലനം നൽകി. പൈലറ്റടിസ്ഥാനത്തിൽ സ്ഥാപനത്തിൽ നടത്തിയ ഈ പ്രവർത്തനം കൂടുതൽ വികേന്ദ്രീകൃതമായി പോഷണവൈകല്യ പരിഹാരത്തിന് സഹായകമാകും.

ഇടർവർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഇതിനാവശ്യമായ പ്രോജക്ടുകൾ തയ്യാറാക്കാൻ വേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്.

ഇവർക്കാവശ്യമായ സാങ്കേതിക സഹായം നൽകാൻ സ്ഥാപനം സന്നദ്ധമാണ്.

(6) 30 വയസ്സിനും 50 വയസ്സിനും ഇടയിൽ പ്രായമുള്ള സ്ത്രീകളുടെ ഇടയിലെ ഹൃദ്രോഗ സാദ്ധ്യതാ പഠനം മലപ്പുറം, പാലക്കാട് ജില്ലകളിലെ തിരൂർ, പാലക്കാട് നഗരസഭകളിലെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ നടത്തി.

(7) സ്കൂൾ കുട്ടികൾ, അദ്ധ്യാപകർ, രക്ഷാകർത്താക്കൾ, ആരോഗ്യ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവർക്ക് സഹായകരമായ നിലയിൽ വിവരവിജ്ഞാനദായക സഹായികൾ (IEC) തയ്യാറാക്കി നൽകി.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കെല്ലാമായി 55.50 ലക്ഷം രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly